**ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്**

വികാസ് ഭവൻ, തിരുവനന്തപുരം

ടെലിഫോൺ-0471-2300523,24,2302090

ഇ-മെയിൽ-director.mwd@gmail.com

വെബ് സൈറ്റ്-www.minoritywelfare.kerala.gov.in

ഭരണ ഭാഷ-മാതൃഭാഷ

നം. MWD/812/2024-S തീയതി.17-12-2024

## വിജ്ഞാപനം

## ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് യു.ജി.സി/ സി.എസ്.ഐ.ആർ - നെറ്റ് (UGC/CSIR -NET) പരിശീലനത്തിനുള്ള അപേക്ഷ ക്ഷണിക്കുന്നു.

സർക്കാർ/എയ്ഡഡ് കോളേജുകളിൽ രണ്ടാം വർഷ ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്നവരും നിലവിൽ പഠനം പൂർത്തിയായവരുമായ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കേന്ദ്ര സർക്കാർ മത ന്യൂനപക്ഷങ്ങളായി അംഗീകരിച്ച്, പട്ടികയിൽ ഉൾപ്പെടുത്തി യിട്ടുള്ള മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈന വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ജനസംഖ്യാനുപാതികമായി "യു.ജി.സി/സി.എസ്.ഐ.ആർ-നെറ്റ്" പരീക്ഷാ പരിശീലന ത്തിന് സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിക്കുന്നു. ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ് എംപാനൽ ചെയ്ത **12 സ്ഥാപനങ്ങൾ** മുഖാന്തിരമാണ് കോച്ചിംഗ് സംഘടിപ്പിക്കുന്നത്.

കേരളത്തിൽ പഠിക്കുന്ന സ്ഥിര താമസക്കാരായ മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈന മതവിഭാഗത്തിൽപ്പെട്ടവരും ബിരുദാനന്തര ബിരുദം ഒന്നാം വർഷ പരീക്ഷയിൽ 55% മാർക്ക് നേടി രണ്ടാം വർഷ പഠനം നടത്തുന്നവരെയും, ബിരുദാനന്തര ബിരുദം 55% മാർക്കോടെ പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കുമാണ് പരിശീലത്തിന് അർഹത. ന്യൂനപക്ഷ മത വിഭാഗത്തിൽപ്പെട്ട ബി.പി.എൽ വിഭാഗത്തിലെ വിദ്യാർത്ഥികളെ പ്രത്യേകം പരിഗണിച്ചു കൊണ്ടും, കുടുംബ വാർഷിക വരുമാനത്തിന്റെയും, മാർക്കിന്റെയും അടിസ്ഥാനത്തിലുമാണ് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. ബി.പി.എൽ അപേക്ഷകരുടെ അഭാവത്തിൽ എ.പി.എൽ വിഭാഗത്തിലെ 8 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ളവരെയും പരിഗണിക്കും. *www.minoritywelfare.kerala.gov.in* എന്ന വകുപ്പ് വെബ് സൈറ്റിലും കോച്ചിംഗിനായി തെരഞ്ഞെടുത്ത സ്ഥാപനങ്ങളിലും അപേക്ഷ ഫോം ലഭ്യമാണ്. പരിശീലനം നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ടി അപേക്ഷ ഫോം പൂരിപ്പിച്ച് നേരിട്ടോ തപാൽ മുഖാന്തിരമോ പരിശീലനം നേടാൻ ആഗ്രഹിക്കുന്ന സ്ഥാപനത്തിലെ കോഴ്സ് കോ-ഓർഡിനേറ്റർക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2024 ഡിസംബർ 23. കൂടുതൽ വിവരങ്ങൾക്ക് കോ-ഓർഡിനേറ്റർമാരെ ബന്ധപ്പെടാവുന്നതാണ്. **(പരിശീലന സ്ഥാപനത്തിന്റെ മേൽവിലാസവും, കോ-ഓർഡിനേറ്റർമാരുടെ ഫോൺ നമ്പറും വകുപ്പ് വെബ് സൈറ്റിൽ ലഭ്യമാണ്).**

**<u>അപേക്ഷിക്കേണ്ട രീതി:</u>**

*www.minoritywelfare.kerala.gov.in*_എന്ന വെബ് സൈറ്റിൽ നിന്നും ലഭിക്കുന്ന അപേക്ഷ ഫോം പൂരിപ്പിച്ച് താഴെ പറയുന്ന രേഖകളുടെ പകർപ്പ് സഹിതം താത്പര്യമുള്ള പരിശീലന സ്ഥാപനത്തിലെ കോ-ഓർഡിനേറ്റർക്ക് സമർപ്പിക്കേണ്ടതാണ്.

**<u>അപേക്ഷകർ ഹാജരാക്കേണ്ട രേഖകൾ</u>**

1. അപേക്ഷ ഫോട്ടോ സഹിതം സമർപ്പിക്കുക.
2. റേഷൻ കാർഡിന്റെ പകർപ്പ്, വരുമാന സർട്ടിഫിക്കറ്റിന്റെ പകർപ്പ്
3. എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്
4. പി.ജി. മാർക്ക് ലിസ്റ്റിന്റെ പകർപ്പ്
5. അപേക്ഷിക്കേണ്ട അവസാന തീയതി: 23.12.2024.

വിശ്വസ്തതയോടെ

സഫ്ന നസറുദ്ദീൻ.ഐ.എ.എസ്
ഡയറക്ടർ

അംഗീകാരത്തോടെ,

Signed by
Lakshmi Priya R
Date: 17-12-2024 17:16:36

**അഡ്മിനിസ്ട്രേറ്റീവ് ആഫീസർ**

GOVERNMENT OF KERALA
DIRECTORATE OF MINORITY WELFARE

## APPLICATION FOR UGC/CSIR-NET COACHING 2024-25

**(*BPL /APL Candidates with family income less than 800000 per annum are eligible to apply)**

| | | |
|---|---|---|
| Name of Student | | Add Passport Size Photo of Applicant |
| Date of Birth | / / | |
| Age | | |
| Gender | | |
| Address of Applicant (Home) | | |
| District | | |
| Caste | | |
| Religion | | |
| Whether BPL | Yes ☐ No ☐ | |
| If APL, Please mention Family Income. APL Candidates with family income less than 800000 per annum can apply | | |
| Educational Qualifications | | |
| Main Subject in PG | | |
| Percentage of Marks in PG (Subject Wise Grand Total) | | |
| Whether College Going or Course Completed | | |
| Name of College in which the candidate is now Studying | | |
| Name of Coaching Centre (College) and Subject sought for UGC/CSIR – NET Coaching | | |
| Contact Number | | |
| E-mail id | | |

| | | |
|---|---|---|
| Date | / / | Signature : |
| Place | | |

**Documents to be attached with Application Form**

1. Affix Passport size photo in Application Form.
2. Copy of SSLC Certificate (Front Page).
3. Copy of PG Mark List.
4. Income Certificate.
5. Ration card copy.